**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **13-02-2025 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12.10.2022 -ലെ സ.ഉ(സാധാ) 258/2022/കാ.യു.വ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 17.10.2023-ൽ ദർഘാസ് ക്ഷണിക്കുകയും, ആയതിൽ യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി.എൽ. മുഹമ്മദ് ഹനീഫ്, കാസർകോഡ് എന്ന കരാറുകാരനുമായി 20.01.2024-ൽ 4,29,55,589/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടൈനിംഗ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രൗണ്ട് ഡെവലപ്മെന്റിന്റെ ഭാഗമായി റീട്ടൈനിംഗ് വാൾ പ്രവൃത്തി പൂർത്തീകരിക്കുകയും, സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂത്ത് പറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04.01.2023-ലെ സ.ഉ(സാധാ)13/2023/കാ.യു.വ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 09.03.2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ |

| | | | |
|---|---|---|---|
| | | | കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിയ്ക്ക് 27.04.2024 -ൽ പുനർ ദർഘാസ് ക്ഷണിക്കുകയും രണ്ട് ദർഘാസുകാരിൽ നിന്നും നിരക്ക് രേഖപ്പെടുത്തി ലഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ദർഘാസ് പ്രകാരം L1 ദർഘാസുകാരൻ 3,92,77,722/- രൂപയും L2 ദർഘാസുകാരൻ- 4,63,22,059/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 ദർഘാസുകാരൻ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകിയില്ല. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ L1 ദർഘാസുകാരന് നിർദ്ദേശം നൽകിയെങ്കിലും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കത്തതിനാൽ ടി പ്രവൃത്തിയ്ക്ക് 06.08.2024 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന ദർഘാസുകാരനുമായി 14.10.2024 തീയ്യതിയിൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂത്ത് പറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണ പ്രവൃത്തിക്കായി 23.08.2024 -ലെ കണ്ണൂർ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കത്ത് പ്രകാരം കൂത്ത് പറമ്പ് നിയോജക മണ്ഡലം എം.എൽ.എയു ടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ചതിനെ തുടർന്ന് ടി പ്രവൃത്തിക്കായുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12.10.2022 -ലെ സ.ഉ(സാധാ) 258/2022/കാ.യു.വ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 17.10.2023-ൽ ദർഘാസ് ക്ഷണിക്കുകയും, ആയതിൽ യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി.എൽ. മുഹമ്മദ് ഹനീഫ്, കാസർകോഡ് എന്ന കരാറുകാരനുമായി 20.01.2024-ൽ 4,29,55,589/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടൈനിംഗ് |

വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രൗണ്ട് ഡെവലപ്മെന്റിന്റെ ഭാഗമായി റീട്ടൈനിംഗ് വാൾ പ്രവൃത്തി പൂർത്തീകരിക്കുകയും, സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൂത്ത് പറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04.01.2023-ലെ സ.ഉ(സാധാ)13/2023/കാ.യു.വ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 09.03.2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിയ്ക്ക് 27.04.2024 -ൽ പുനർ ദർഘാസ് ക്ഷണിക്കുകയും രണ്ട് ദർഘാസുകാരിൽ നിന്നും നിരക്ക് രേഖപ്പെടുത്തി ലഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ദർഘാസ് പ്രകാരം L1 ദർഘാസുകാരൻ 3,92,77,722/- രൂപയും L2 ദർഘാസുകാരൻ- 4,63,22,059/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 ദർഘാസുകാരൻ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകിയില്ല. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ L1 ദർഘാസുകാരന് നിർദ്ദേശം നൽകിയെങ്കിലും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കത്തതിനാൽ ടി പ്രവൃത്തിയ്ക്ക് 06.08.2024 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന ദർഘാസുകാരനുമായി 14.10.2024 തീയ്യതിയിൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൂത്ത് പറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണ പ്രവൃത്തിക്കായി 23.08.2024 -ലെ കണ്ണൂർ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കത്ത് പ്രകാരം കൂത്ത് പറമ്പ് നിയോജക മണ്ഡലം എം.എൽ.എയു ടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ചതിനെ തുടർന്ന് ടി പ്രവൃത്തിക്കായുള്ള 50 ലക്ഷം രൂപയുടെ

| | | | |
|---|---|---|---|
| | | | ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ